# പതിനാലാം കേരള നിയമസഭ
## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 269 — 12/01/2021-ൽ മറുപടിക്ക്

**കാരുണ്യ പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് ശ്രീ ചിത്ര മെഡിക്കൽ സെന്ററിൽ 18 വരെ വയസ്സുള്ളവർക്ക് സൗജന്യമായി ലഭിച്ചിരുന്ന ചികിത്സ ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ. നിരവധി പേർക്ക് മുൻ നിശ്ചയിച്ചിരുന്ന ശസ്ത്രക്രിയക്ക് ഇപ്പോൾ വലിയ തുക നൽകേണ്ട അവസ്ഥയാണുള്ളതെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;<br><br>ബി) APL, BPL വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും സൗജന്യമായി ലഭിച്ചിരുന്ന ഹൃദയ സംബന്ധമായ അസുഖം, തലയിലെ രക്തസ്രാവം തുടങ്ങിവയ്ക്കുള്ള ചികിത്സക്ക് ഇപ്പോൾ പണം നൽകേണ്ട അവസ്ഥ സർക്കാർ പരിശോധിക്കുമോ;<br><br>സി) ദേശീയ ആരോഗ്യമിഷനുമായി ബന്ധപ്പെട്ട് നൽകിയിരുന്നതും കാരുണ്യ പദ്ധതി ഉൾപ്പെടെ പാവപ്പെട്ടവർക്ക് നൽകിയിരുന്ന സൗജന്യ ചികിത്സയും തുടർന്നും നൽകുവാൻ നടപടി സ്വീകരിക്കുമോ. വ്യക്തമാക്കുമോ? | എ) ബി) & സി) ശ്രീ.ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്ര സർക്കാർ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ്. രാജ്യത്തെ തന്നെ പ്രധാനപ്പെട്ട റിസർച്ച് സ്ഥാപനവും ചികിത്സാ കേന്ദ്രവുമാണ്. പ്രധാനമായും ഹൃദയ സംബന്ധമായ അസുഖങ്ങൾക്കും, ന്യൂറോളജി വിഭാഗവുമാണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ തന്നെ കുട്ടികൾക്കുള്ള വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന രാജ്യത്തെ തന്നെ പ്രധാന ചികിത്സാ കേന്ദ്രമാണ് ഇത്.<br><br>കഴിഞ്ഞ കാലയളവിൽ വിവിധങ്ങളായ സർക്കാർ പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, താലോലം, ആർ.ബി.എസ്.കെ പദ്ധതി, വിവിധങ്ങളായ സർക്കാർ ഇൻഷുറൻസ് പദ്ധതികൾ തുടങ്ങിയവ വഴി കേരളത്തിലെ സാധാരണക്കാരായ രോഗികൾക്ക് (പ്രത്യേകിച്ചും കുട്ടികൾക്ക്) വിദഗ്ധ ചികിത്സ, സർക്കാർ പണം നൽകി ശ്രീചിത്ര മുഖാന്തിരം ഉറപ്പാക്കിയിരുന്നു.<br><br>ശ്രീചിത്ര തിരുനാൾ ഇൻസ്റ്റ്റ്റിട്യൂട്ടിൽ കുട്ടികൾക്ക് 2014 ഏപ്രിൽ 1 മുതൽ നാഷണൽ ഹെൽത്ത് മിഷൻ തത് സ്ഥാപനവുമായി ഏർപ്പെട്ടിരുന്ന കരാറിൻ പ്രകാരം കുട്ടികൾക്ക് ചികിത്സ ആർ.ബി.എസ്.കെ പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കി വരികയായിരുന്നു. ഇതിനായി ചിലവാകുന്ന തുക സർക്കാർ ശ്രീചിത്ര തിരുനാൾ ആശുപത്രിക്ക് നൽകി വന്നിരുന്നതിനാൽ ആണ് ശ്രീചിത്ര സൗജന്യമായി ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ കാലോചിതമായി കരാറിന്റെ നിബന്ധനകൾ പുതുക്കി നിർണ്ണയിച്ചതിന്റെ ഭാഗമായി ഡിസംബർ 01, 2020 ന് പുതുക്കിയ കരാർ പ്രകാരം ശ്രീചിത്ര തിരുനാൾ ആശുപത്രി കുട്ടികൾക്കുള്ള 187 ഹൃദയ ശസ്ത്രക്രിയകൾക്കു മാത്രമേ കരാറിൽ ഏർപ്പെടാൻ തയാറായിട്ടുള്ളൂ. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം രാജ്യത്താകമാനം |

നടപ്പാക്കാനായി തയ്യാറാക്കിയിരിക്കുന്ന ചികിത്സാ നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ (നിരക്കുകൾ കുറവായതിനാൽ) സാധിക്കാത്തതാണ് കരാറിൽ ഇപ്രകാരത്തിലുള്ള വെട്ടിച്ചുരുക്കൽ നടത്താൻ കാരണമായി ആശുപത്രി അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളും (അഞ്ച്) ഈ നിരക്കിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നേരിട്ട് ശ്രീചിത്ര അധികാരികളെയും, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറേയും പങ്കെടുപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും, പരിഹാര നിർദ്ദേശമായി നിരക്കുകൾ പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിനായി ശ്രീചിത്ര അധികാരികളെയും, മിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. എന്നാൽ ചികിത്സാ ലഭ്യത മുടങ്ങാതെ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ മറ്റ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്.

ഇതു കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വിപുലമാക്കി അഷ്വറൻസ് മോഡലിലേക്ക് മാറുന്നതിന്റെ ഭാഗമായി കരാർ പുതുക്കുന്നതിനായി ശ്രീചിത്ര തിരുനാൾ ആശുപത്രിയെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമീപിച്ചപ്പോഴും സമാനമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ദേശീയ തലത്തിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നിരക്കുകൾ ശ്രീചിത്ര ആശുപത്രിക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഇതു കൂടാതെ കത്തിടപാടുകൾക്കുള്ള മറുപടിക്കായി ആശുപത്രി അധികൃതർ കേന്ദ്രസർക്കാർ സയൻസ് & ടെക്നോളജി മന്ത്രാലയത്തിനെ സമീപിച്ചിരിക്കുകയാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തു വരുന്നു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 186 സർക്കാർ ആശുപത്രികളും 369 സ്വകാര്യ ആശുപത്രികളും മുഖാന്തിരം അർഹരായ രോഗികൾക്കുള്ള സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ